**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1285** **18-01-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ആർ.ഇ.സി ഗവ.ഹയർസെക്കന്ററി സ്കൂളിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മികവിന്റെ കേന്ദ്രമായി ഉയർത്തിയ കോഴിക്കോട് ജില്ലയിലെ ആർ.ഇ.സി ഗവ.ഹയർസെക്കന്ററി സ്കൂളിൽ എത്ര രൂപയുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മികവിന്റെ കേന്ദ്രമായി ഉയർത്തിയ കോഴിക്കോട് ജില്ലയിലെ ആർ.ഇ.സി ഗവ.ഹയർസെക്കന്ററി സ്കൂളിൽ മാസ്റ്റർ പ്ലാനിൽ പറഞ്ഞിട്ടുള്ള 4.38 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | കിഫ്ബി മുഖേന അനുവദിച്ച തുകയിൽ ബാക്കിയുള്ള സംഖ്യ ഉപയോഗപ്പെടുത്തി അത്യാവശ്യമായി പൂർത്തീകരിക്കേണ്ട പണികൾ നടത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടിരുന്ന Entrance Block (Office Block) എന്ന ഭാഗം സ്കൂൾ അധികൃതരുടെ നിർദ്ദേശപ്രകാരം ഉപേക്ഷിക്കുകയും പകരം Kitchen Block ആക്കി മാറ്റുകയും ചെയ്തിരുന്നു. അധികമായി വന്ന Kitchen Block ന്റേയും false ceiling work ന്റെയും നിർമാണ പ്രവർത്തനങ്ങൾ എത്രയും വേഗത്തിൽ പൂർത്തിയാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കരാറുകാരന് നൽകിയിട്ടുണ്ട്. |
| (സി) | മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട മറ്റ് പ്രവൃത്തികൾ കൂടി നടത്തുന്നതിന് രണ്ടാം ഘട്ടമായി തുക അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികൾ എല്ലാം ഈ ഘട്ടത്തിൽ തന്നെ പൂർത്തിയാക്കുന്നതാണ്. ഇതിൽ 20.70 ലക്ഷം രൂപയുടെ വർക്ക് മാത്രമാണ് പൂർത്തീകരിക്കാനായി ബാക്കിയുള്ളത്. |

സെക്ഷൻ ഓഫീസർ